Draft #184 of File 26895/AD A1/3/2021/AD A1 - Part (1) Approved by ASSISTANT REGISTRAR I (ADMIN) on 10-Dec-2025 01:29 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 26895/AD A1/3/2021/AD A1 - Part (1) തീയതി: 10.12.2025

സർക്കുലർ

വിഷയം:- സർവ്വകലാശാലയിലെ ഐ.ടി. ഉപകരണങ്ങളുടെ വാങ്ങൽ, അറ്റകുറ്റപ്പണി, വാർഷിക പരിപാലനം എന്നിവ സംബന്ധിച്ചുള്ള ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം _ മാർഗനിർദ്ദേശങ്ങൾ നടപ്പിലാക്കി കൊണ്ടും മുൻ സർക്കുലർ റദ്ദ് ചെയ്തു കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1. 92661/AD B6-1/2025/AD B 6 നമ്പർ ഫയലിൽ രജിസ്ട്രാറുടെ ഉത്തരവ്.
2. സർവ്വകലാശാലാ സർക്കുലർ നം. 142025/AD B1-1/2024/ എ ഡി ബി 1തീയതി 21.12.2024.
3. സർവ്വകലാശാലാ സർക്കുലർ നം. 142025/AD B1-1/2024/ എ ഡി ബി 1തീയതി 24.03.2025
4. സർവ്വകലാശാലാ സർക്കുലർ നം. 26895/AD A 1/ 2021/AD A1/ Part (1) തീയതി 15.11.2025

സർവ്വകലാശാലയിലെ ഐ.ടി. ഉപകരണങ്ങളുടെ വാങ്ങൽ, അറ്റകുറ്റപ്പണി, വാർഷിക പരിപാലനം എന്നിവയുടെ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകി കൊണ്ട് സൂചന (1) പ്രകാരം രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

1. സർവകലാശാലയിലെ ഐ ടി ഉപകരണങ്ങളുടെ വാങ്ങൽ/ അറ്റകുറ്റപ്പണി/ വാർഷിക പരിപാലന കരാർ എന്നിവയ്ക്ക് മുൻപായി ആവശ്യകത സംബന്ധിച്ച് ഐ ടി വിഭാഗത്തിന്റെ അഭിപ്രായം/ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
2. ഐ ടി വിഭാഗത്തിന്റെ അനുമതി ലഭിച്ച പ്രവർത്തികൾ പൂർത്തീകരിച്ച ശേഷം കംപ്ലീഷൻ/ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
3. സെക്ഷനുകളിലെ പ്രിൻറർ-ടോണർ/കാടിഡ്ജ് സംബന്ധിച്ച ₹5000/- രൂപ + applicable GST വരെ ചെലവ് വരുന്ന വാങ്ങൽ നടപടികൾ, ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി, പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത തുകയ്ക്ക് മുകളിൽ വരുന്ന ബില്ലുകളിൽ ഐ ടി വിഭാഗത്തിന്റെ സാക്ഷ്യപത്രം നിർബന്ധമായും ആവശ്യമാണ്.
4. ടോണർ റീഫില്ലിംഗിനു നിലവിലുള്ള സംവിധാനത്തിനു പകരമായി കേന്ദ്രീകൃത റേറ്റ് കോൺട്രാക്ട് നടപ്പിൽ വരുത്തേണ്ടതും, ഐ ടി വിഭാഗം മുഖേന റീഫില്ലിംഗ് നടത്തേണ്ടതുമാണ്. കേന്ദ്രീകൃത റേറ്റ് കോൺട്രാക്ട് നടപ്പിൽ വരുന്നത് വരെ നിലവിലുള്ള സംവിധാനം തുടരേണ്ടതാണ്.
5. സർവ്വകലാശാലകളിലെ ഫോട്ടോകോപ്പിയറുകളുടെ പെർകോപ്പി ചാർജിനത്തിൽ നൽകുന്ന ബില്ലുകളിൽ റീഡിംഗ് എടുക്കുന്നതിനു മുൻപായി ഐ ടി വിഭാഗത്തെ അറിയിച്ച് സംയുക്ത പരിശോധനയിലൂടെ റീഡിംഗ് എടുക്കേണ്ടതാണ്.

6. ഐ.ടി. ഉപകരണങ്ങളുടെ വാങ്ങൽ, അറ്റകുറ്റപ്പണി, വാർഷിക പരിപാലനം എന്നിവയ്ക്ക് ഹാർഡ് വെയർ എഞ്ചിനീയറുടെ സാക്ഷ്യപത്രം എന്നതിനു പകരം ഐ ടി സെൽ -1 സെക്ഷന്റെ/വിഭാഗത്തിന്റെ സാക്ഷ്യപത്രം എന്നു സൂചിപ്പിക്കേണ്ടതാണ്.
7. ഇൻസ്റ്റലേഷൻ സാക്ഷ്യപത്രത്തിനായി പർചേസ് ഓർഡർ / ഉത്തരവ് , ഐ റ്റി വിഭാഗത്തിന്റെ മുൻകൂർ അനുമതിയുടെ പകർപ്പ്, വാങ്ങൽ / അറ്റകുറ്റപ്പണി നടത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോട് കൂടിയ പർചേസ് ഇൻവോയിസ്, എന്നിവ ഇൻവേർഡായി ഐ ടി സെൽ 1 സെക്ഷനിലേക്ക് നൽകേണ്ടതാണ് .
8. ഐ ടി സ്റ്റോക്ക് എൻട്രിയോട് കൂടിയ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനു ശേഷം യൂണിവേഴ്സിറ്റി സ്റ്റോറിൽ സ്റ്റോക്ക് എൻട്രി നടത്തേണ്ടതാണ്

സൂചന (2), (3) സർക്കുലറുകൾക്ക് പുറമെ മേൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

സൂചന (4) പരിപത്രം ഇതിൻപ്രകാരം റദ്ദ് ചെയ്തിരിക്കുന്നു.

ഒപ്പ്

ബിനോയ് സെബാസ്റ്റ്യൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ /സ്കൂളുകൾ / ഡിപ്പാർട്മെന്റുകൾ / സെന്ററുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
5. ജോയിൻറ് ഡയറക്ടർ -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ്/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി./ ഐ.ടി. സെൽ-1/2
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #184 of File 26895/AD A1/3/2021/AD A1 - Part (1) Approved by ASSISTANT REGISTRAR I (ADMIN) on 10-Dec-2025 01:29 PM - Page 2